**KOLLAM CITY POLICE**

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 12/02/2020

# സഹോദരങ്ങളെ ആക്രമിച്ച കേസിലെ പ്രതികൾ പരവൂർ പോലീസിന്റെ പിടിയിൽ.

കൊല്ലം : പരവൂർ സ്വദേശിയേയും സഹോദരനേയും ആക്രമിച്ച കേസിലെ പ്രതികൾ പരവൂർ പോലീസിന്റെ പിടിയിലായി. ഫെബ്രുവരി 8-ാം തീയതിയാണ് കേസിനാസ്പദമായ സംഭവം നടന്നത്. പരവൂർ വട്ടച്ചാലിൽ വീട്ടിൽ ഹേമന്ദ് (25), നെല്ലേറ്റിൽ വിഷ്ണു (25), പരവൂർ നെടിയവിള വീട്ടിൽ രാജേഷ് (25), പരവൂർ നെടിയവിള വീട്ടിൽ ഹരികുമാർ (20) എന്നിവരാണ് അറസ്റ്റിലായത്.


ഹരികുമാർ (20)


ഹേമന്ദ് (25),

പ്രതികൾ കഞ്ചാവ് വലിക്കുന്നത് വിലക്കിയതിനാണ് പരവൂർ കൂനയിൽ സ്വദേശിയായ ദീപുവിനേയും സഹോദരനേയും ക്രൂരമായി ഉപദ്രവിച്ചത്. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ. നാരായണൻ റ്റി. ഐപിഎസ് ന്റെ നിർദ്ദേശ പ്രകാരം നടത്തിയ അന്വേഷണത്തിലാണ് പ്രതികൾ പിടിയിലായത്. പരവൂർ പോലീസ് ഇൻസ്പെക്ടർ സാനി എസ്., എസ്ഐ മാരായ ജയകുമാർ, വിജിത് കെ നായർ, പോലീസ് ഉദ്യോഗസ്ഥരായ ഹരിസോമൻ, സജികുമാർ, അനീഷ് എന്നിവർ അടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്


രാജേഷ് (25)


വിഷ്ണു (25)